**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യയിനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ? | (എ) | തിരുവിതാംകൂർ ദേവസ്വത്തിൽ നിന്നും ഹ്യൂസ് അഡ്വർടൈസിങ് ഏജൻസി, എഫിഷ്യന്റ് അഡ്വർടൈസിങ് ഏജൻസി, ചക്ര കമ്മ്യൂണിക്കേഷൻസ് എന്നീ ഏജൻസികൾ വഴിയാണ് പരസ്യം നൽകുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.<br><br>ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികളുടെ പരസ്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പാനലിലുള്ള തിരുവനന്തപുരം എഫിഷ്യന്റ് അഡ്വർടൈസിംഗ് കമ്പനിക്കാണ് നൽകിയിട്ടുള്ളത്. പരസ്യ തുകയിൽ നിന്ന് 10% ഡിസ്കൗണ്ട് കുറച്ച് 9,69,992/- രൂപ ടി പരസ്യ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം, ടെണ്ടർ പരസ്യങ്ങളും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളുമൊഴികെ മറ്റ് പരസ്യങ്ങളൊന്നും നൽകി വരുന്നില്ല.<br><br>മലബാർ ദേവസ്വം ടെണ്ടർ, ക്വട്ടേഷൻ എന്നീ ഇനങ്ങളിൽ മാത്രമാണ് പത്ര പരസ്യങ്ങൾ നൽകിവരുന്നത്. വാണിജ്യാവശ്യങ്ങൾക്കുള്ള പരസ്യങ്ങളൊന്നും നൽകിവരുന്നില്ല. മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും സ്വതന്ത്ര യൂണിറ്റുകളായി പ്രവർത്തിക്കുന്നതിനാൽ, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഉത്സവാദി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ അതാത് ക്ഷേത്രങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ക്ഷേത്രങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി വരികയാണ്. ആയതിന് പ്രത്യേക ഏജൻസികളെയൊന്നും നിയോഗിച്ചിട്ടില്ല.<br><br>ഗുരുവായൂർ ദേവസ്വം ടെണ്ടർ/റീ ടെണ്ടർ, വിജ്ഞാപനം എന്നിവയുടെ പരസ്യങ്ങൾ |

| | | | |
|---|---|---|---|
| | | | ദിനപത്രങ്ങളിൽ നേരിട്ടാണ് നൽകിവരുന്നത്. അഡ്വൈർടൈസ്മെന്റ് ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു:<br><br>2020-2021 - 22,47,668/-<br><br>2021-2022 - 10,04,302/-<br><br>2022-2023 - 19,67,372/-<br><br>2023-2024 - 32,70,016/-<br><br>2024-2025 - 13,26,872/-<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ നിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.<br><br>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റഗുലേഷൻസ്, 2016 ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം മാതൃഭൂമി, ദേശാഭിമാനി എന്നീ മലയാള ദിനപത്രങ്ങളിലും ടൈംസ് ഓഫ് ഇന്ത്യ, ദി ഹിന്ദു എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളിലും വിജ്ഞാപനങ്ങൾ പരസ്യം ചെയ്തു വരുന്നു. ആയതിന് ഈ സർക്കാരിന്റെ കാലയളവിൽ ആകെ 35,63,355/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം – 1**</u>

## തിരുവിതാംകൂർ ദേവസ്വത്തിൽ നിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം

| വർഷം | പരസ്യ ഏജൻസി | പരസ്യ തുക | വിശദാംശം |
|---|---|---|---|
| 2021-22 | ഹ്യൂസ് അഡ്വർടൈസിംഗ് ഏജൻസി | 1,52,712/- | 1197 എം.ഇ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിരുന്നു |
| 2022-23 | ഹ്യൂസ് അഡ്വർടൈസിംഗ് ഏജൻസി | 1,60,272/- | 1198 എം.ഇ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിരുന്നു |
| 2022-23 | എഫിഷ്യന്റ് അഡ്വർടൈസിംഗ് ഏജൻസി | 33,453/- | 1198 എം ഇ തിരുവാർപ്പ് മേൽശാന്തി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ കോട്ടയം എഡിഷനുകളിൽ പരസ്യം നൽകിയിരുന്നു |
| 2023-24 | ചക്ര കമ്മ്യൂണിക്കേഷൻസ് | 1,72,368/- | 1199 എം.ഇ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിരുന്നു |

| | | | |
|---|---|---|---|
| 2023-24 | എഫിഷ്യന്റ് അഡ്വർടൈസിംഗ് ഏജൻസി | 22,922/- | 1199 എം.ഇ തിരുവാർപ്പ് മേൽശാന്തി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ കോട്ടയം എഡിഷനുകളിൽ പരസ്യം നൽകിയിരുന്നു |
| 2024-25 | ചക്ര കമ്മ്യൂണിക്കേഷൻസ് | 1,78,416/- | 1200 എം.ഇ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിരുന്നു |
| 2024-25 | ചക്ര കമ്മ്യൂണിക്കേഷൻസ് | 23,814/- | 1200 എം.ഇ തിരുവാർപ്പ് മേൽശാന്തി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃഭൂമി, മലയാള മനോരമ, ദിനപത്രങ്ങളിലെ കോട്ടയം എഡിഷനുകളിൽ പരസ്യം നൽകിയിരുന്നു |

## കൂടൽമാണിക്യം ദേവസ്വത്തിൽ നിന്നും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം

| നമ്പർ | തീയതി | പരസ്യങ്ങളുടെ വിശദാംശം | പരസ്യം നൽകിയ സ്ഥാപനം | പരസ്യത്തിനായി ചിലവഴിച്ച തുക |
|---|---|---|---|---|
| 1 | 03.06.2021 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 10230 |
| 2 | 03.06.2021 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 7600 |
| 3 | 26.02.2022 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 7960 |
| 4 | 26.02.2022 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 13000 |
| 5 | 26.06.2022 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 13570 |
| 6 | 26.06.2022 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 8000 |
| 7 | 28.03.2023 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 8540 |
| 8 | 28.03.2023 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 13920 |
| 9 | 20.06.2023 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 14200 |

| | | | | |
|---|---|---|---|---|
| 10 | 20.06.2023 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 9000 |
| 11 | 29.02.2024 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 11000 |
| 12 | 27.06.2024 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 14154 |
| 13 | 27.06.2024 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 11760 |
| 14 | 14.03.2025 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | ദേശാഭിമാനി പത്രം | 8820 |
| 15 | 14.03.2025 | ഉത്സവത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 14994 |
| 16 | 15.07.2025 | മാനേജരുടെ ഡെപ്യൂട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 8280 |
| 17 | 19.08.2025 | നാലമ്പല തീർത്ഥാടനത്തോടനുബന്ധിച്ച് താൽക്കാലിക പാർക്കിങ്, സ്റ്റാളുകൾ, പ്രവൃത്തികൾ എന്നിവക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യം | മാതൃഭൂമി പത്രം | 9660 |